# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5668 02.07.2019-ൽ മറുപടിക്ക്

## സിനിമയുമായി ബന്ധപ്പെട്ട നിയമങ്ങൾ

**ചോദ്യം**

ശ്രീ.കെ.ബി.ഗണേഷ് കുമാർ

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമയുമായി ബന്ധപ്പെട്ട നിയമങ്ങൾ സംസ്ഥാനത്തെ ആഭ്യന്തരവകുപ്പിന്റെ ചുമതലയിൽ പെടുന്നവയാണോയെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സർക്കാരിന്റെ കാര്യനിർവഹണ ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം 1958 ലെ സിനിമാ റെഗുലേഷൻ ആക്ട്, 1988 ലെ സിനിമാ റെഗുലേഷൻ റൂൾ എന്നിവ നിലവിൽ ആഭ്യന്തരവകുപ്പിന് കീഴിലാണ്. ആയത് സാംസ്കാരിക വകുപ്പിന് കീഴിലേയ്ക്ക് മാറ്റുന്നതിന് മന്ത്രിസഭാ തീരുമാനം കൈക്കൊണ്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത നിയമങ്ങൾ ആഭ്യന്തര വകുപ്പിന്റെ ചുമതലയിലാണെങ്കിൽ അവ സാംസ്കാരിക വകുപ്പിന്റെ ചുമതലയിലേക്ക് മാറ്റുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ഒരു ശുപാർശയായ സിനിമാ റഗുലേറ്ററി അതോറിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട്, പ്രസ്തുത നിയമങ്ങൾ ആഭ്യന്തരവകുപ്പിൽ നിന്നും സാംസ്കാരിക വകുപ്പിനു കീഴിലേക്ക് മാറ്റുന്നതിനായി കാര്യനിർവഹണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ ബഹു.മന്ത്രിസഭ തീരുമാനമെടുക്കുകയും ബഹു.കേരള ഗവർണറുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കാര്യനിർവഹണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**